IJCRT.ORG ISSN : 2320-2882

INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)
An International Open Access, Peer-reviewed, Refereed Journal

# ദശേീയ സനെ്സസ് നടപ്പാക്കാന് വകൈുന്നതിന്റെ പ്രത്യാഘാതങ്ങള്

## - ആംഗ്ലോ ഇന്ത്യന് സമൂഹത്തെ മുന്നിറുത്തിയുള്ള പഠനം

## STUDY ON THE EFFECTS OF DELAY IN IMPLEMENTING THE NATIONAL CENSUS FOCUSSING ON THEANGLO INDIAN COMMUNITY

**ആലീസ് റീജ ഫര്െണാണ്ടസ്**

**ALICE REEJA FERNANDEZ**

**RESEARCH SCHOLAR**

**DEPARTMENT OF MALAYALAM**

**MAHARAJAS COLLEGE**

**ERNAKULAM**

**സംഗ്രഹം :**

രാജ്യത്തെ വിശദവും സമഗ്രവുമായ ജനസംഖ്യാപരമായ വിവരശഖേരണമാണ് സനെ്സസ് അഥവാ കാനഷേുകുമാരി. ജനസംഖ്യയയെും സാമൂഹിക - സാമ്പത്തിക പ്രവര്ത്തനങ്ങളയെും പറ്റിയുള്ള അടിസ്ഥാന വിവരങ്ങളാണ് സനെ്സസില് ശഖേരിക്കുന്നത്. ഓരോ പത്തുവര്ഷത്തിന്റയെും ഇടവളേയില് നടത്തിയിരുന്ന സനെ്സസ് ദത്തയുടെ അടിസ്ഥാനത്തിലാണ് ന്യൂനപക്ഷവിഭാഗങ്ങള് അടക്കമുള്ളവര്ക്ക് സാമൂഹിക-സാമ്പത്തിക പദ്ധതികള് പ്രഖ്യാപിക്കുന്നത്. ആംഗ്ലോ-ഇന്ത്യന് എന്ന് പറയുന്നത് രാജ്യത്തെ സൂക്ഷ്മ ന്യൂനപക്ഷ സമൂഹങ്ങളിലൊന്നാണ്. ആംഗ്ലോ-ഇന്ത്യന് സമൂഹത്തിന്റെ പ്രതിനിധീകരണം അടയാളപ്പടെുത്തുന്നതില് നിലവിലെ സനെ്സസ് രീതികള്ക്ക് എന്ത് സ്വാധീനമുണ്ട്, അതിന്റെ കൃത്യത, സനെ്സസ് നടപ്പാക്കുന്നതില് വന്നിട്ടുള്ള സൂക്ഷ്മതകുറവും കാലതാമസവും കാരണം പ്രസ്തുത സമൂഹം നിലവില് അനുഭവിച്ചു കൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആഘാതങ്ങള് എന്തൊക്കയൊണ്, സനെ്സസ് കൃത്യമായി നടപ്പിലാക്കണേ്ടതിന്റെ ആവശ്യകത തുടങ്ങിയ അന്വഷേണങ്ങള് ഈ പഠനത്തിന്റെ ഭാഗമാകുന്നുണ്ട്. ഓരോ പത്ത് വര്ഷത്തിന്റെ ഇടയില് നടന്നിരുന്ന സനെ്സസ് കോവിഡ് മഹാമാരിയുടെ

പശ്ചാത്തലത്തില് നടപ്പാക്കിയിരുന്നില്ല എന്നതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഈ പഠനം പുരോഗമിക്കുന്നത്.

**താക്കോല് വാക്കുകള് :**

സെന്സസ്, കാനേഷുകുമാരി, ആംഗ്ലോ ഇന്ത്യന്, പൊളിറ്റിക്ക ഡോസ് കസമന്റോസ്, പ്രാതിനിധ്യം, സംവരണം, അസ്തിത്വം, വംശീയത

**ആമുഖം**

ലോകാരോഗ്യ സംഘടനയുടെ നിര്വചനപ്രകാരം ഒരു രാജ്യത്തിലെ ജനതയുടെ സമ്പൂര്ണ്ണവും ഔദ്യോഗികവുമായ എണ്ണമാണ് സെന്സസ് അഥനാ കാനേഷുകുമാരി കണക്കെടുപ്പ്. UNITED NATIONS STATISTICAL COMMISSION ഉം CENSUS AND STATICS DEPARTMENT OF INDIA ഉം ഈ നിര്വചനത്തോടൊപ്പം സാധാരണയായി ഒരു നിശ്ചിത സമയത്ത് എടുക്കുന്നത് എന്ന സുപ്രധാനമായ ഒരു കൂട്ടിച്ചേര്ക്കല് കൂടി നടത്തി. അതിന്പ്രകാരം;

"സെന്സസ് എന്നത് ഒരു രാജ്യത്തിലെ ജനതയുടെ സമ്പൂര്ണ്ണവും ഔദ്യോഗികവുമായ എണ്ണം, സാധാരണയായി ഒരു നിശ്ചിതസമയത്ത് എടുക്കുന്നത്." കൃത്യമായ ഇടവേളകളില് ജനസംഖ്യ, സാക്ഷരത, വിദ്യാഭ്യാസം, താമസസൗകര്യങ്ങള്, ആസ്തികള്, വീടുകളിലെ ഭൗതികസൗകര്യങ്ങള്, നഗരവത്കരണം, ജനനം, ഭാഷ, മതം, കുടിയേറ്റം, ചേരിനിവാസികള് - ദളിതര് - അംഗവൈകല്യമുള്ളവര് തുടങ്ങി രാജ്യത്തിന്റെ സമൂലമായ വിവരങ്ങളുടെ ശേഖരണം സെന്സസിലൂടെ സ്വാംശീകരിക്കുന്നുണ്ട്. ദേശീയ അന്തര്ദേശീയ തലങ്ങളിലെ ഗവേഷണത്തിനും ത്രിതല പഞ്ചായത്ത് തലത്തിലുള്പ്പടെ ഭരണനിര്വ്വഹണത്തിനും ഈ വിവരങ്ങള് ഉപയോഗിച്ചു വരുന്നുണ്ട്. പ്രാദേശികമായും ഭാഷാപരമായും സാമൂഹികമായും സാംസ്കാരികമായും ബഹുസ്വരമായ ഒരു സമൂഹത്തില് കാനേഷുകുമാരി കണക്കെടുപ്പിന് വലിയ ദൗത്യം നിര്വ്വഹിക്കുവാനുണ്ട്. പ്രത്യേകിച്ച് ഇന്ത്യയെപ്പോലുള്ള ഒരു വികസ്വര രാജ്യത്തില് ജനസംഖ്യാ കണക്കെടുപ്പിന് വലിയ പ്രാധാന്യവും നിരവധി സവിശേഷതകളുമുണ്ട്. ഓരോ പത്ത് വര്ഷത്തിന്റെ ഇടയില് നടന്നിരുന്ന സെന്സസ് പക്ഷേ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തില് 2011ന് ശേഷം നടപ്പാക്കിയിരുന്നില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2019 മാര്ച്ചില് പുറത്തിറക്കിയ ഉത്തരവ് പ്രകാരം 2021 ല് സെന്സസ് പൂര്ത്തീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു എങ്കിലും ഇതുവരെ അതിന്റെ പ്രാരംഭ നടപടികള് ഒന്നുംതന്നെ നാളിതുവരെ ആരംഭിച്ചിട്ടില്ല. ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ജാതിസെന്സസും നടപ്പിലാക്കണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. സെന്സസ് നടപ്പിലാക്കത്തതിനാല് ന്യൂനപക്ഷ വിഭാഗങ്ങള്ക്ക് വിദ്യാഭ്യാസ- തൊഴില് ആനുകൂല്യങ്ങളുള്പ്പടെ ക്ഷേമപദ്ധതികള് നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്.

**സെന്സസ് ആരംഭം**

ലോകത്തിലെ ആദ്യത്തെ സെന്സസ് ക്രിസ്തുവിന് മുന്പ് 508 ല് റോമാസാമ്രാജ്യത്തിന്റെ അധിപനായിരുന്ന സെര്വിയസ് ടൂളിയസിന്റെ മാര്ഗ്ഗനിര്ദ്ദേശത്തില് നടപ്പിലാക്കിയതായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ

സെന്സസ് 1872 ല് ബ്രിട്ടീഷ് ഗവര്ണ്ണറായിരുന്ന ലോര്ഡ് മായോ ആണ് നടപ്പിലാക്കിയത്. അന്നത്തെ ആകെ ജനസംഖ്യ 2,54,15066 ആയിരുന്നു. 1941 വരെ ബ്രിട്ടീഷ് ഇന്ത്യയില് ഓരോ പത്ത് വര്ഷത്തിന്റെ ഇടവേളയില് സെന്സസ് നടപ്പാക്കിയിരുന്നു. ഇന്ത്യന് സമൂഹത്തിന്റെ ഘടനയിലും രാഷ്ട്രീയത്തിലും കാര്യമായ സ്വാധീനം ചെലുത്തിയ ജാതി, മതം, തൊഴില്, പ്രായം തുടങ്ങിയ സംവര്ഗ്ഗങ്ങള് കൂടി ഉള്പ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ജനസംഖ്യാ കണക്കെടുപ്പായിരുന്നു ബ്രിട്ടീഷുകാര് മുന്പോട്ട് വച്ചത്.

സ്വാതന്ത്യാനന്തര ഇന്ത്യയില് ഇന്ത്യന് ഭരണഘടനയെ അടിസ്ഥാനമാക്കി ഓരോ പത്ത് വര്ഷ ഇടവേളയില് സെന്സസ് നടപ്പാക്കുന്നത് തുടര്ന്നു. ഇതില് ആദ്യത്തേത് 1948ലെ സെന്സസ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം നടത്തിയ 1951ലെ സെന്സസ് ആണ്. ഈ സെന്സസ് ഡാറ്റ പ്രകാരം അന്നത്തെ ഇന്ത്യന് ജനസംഖ്യ 3,31,088,090 ആയിരുന്നു. ഇന്ത്യയിലേക്കും പാക്കിസ്ഥാനിലേക്കുമുള്ള ഹിന്ദുക്കളുടെയും സിഖുകാരുടെയും കുടിയേറ്റങ്ങള്, അസമിനു വേണ്ടി തയ്യാറാക്കിയ ദേശീയ പൗരത്വ രജിസ്റ്റര് വിവരങ്ങള്, മതപരവും ഭാഷാപരവുമായ ജനസംഖ്യാ ശാസ്ത്രം എന്നിവയൊക്കെ ഈ സെന്സസിന്റെ സവിശേഷതകളാണ്.

ഇന്ത്യയില് സെന്സസ് നടപ്പിലാക്കിയ വര്ഷങ്ങള്

| | | | | |
|---|---|---|---|---|
| 1872 | 1901 | 1931 | 1961 | 1991 |
| 1881 | 1911 | 1941 | 1971 | 2001 |
| 1891 | 1921 | 1951 | 1981 | 2011 |

**ആംഗ്ലോ-ഇന്ത്യന് വിഭാഗം**

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന ദശകത്തില് കച്ചവടത്തിനും കോളനിവത്കരണത്തിനും മതപ്രചരണത്തിനുമായി പോര്ച്ചുഗീസുകാര് മുതലുള്ള യൂറോപ്യന് ശക്തികള് ദക്ഷിണേഷ്യയിലേക്ക് ഒരു കടല്പ്പാത കണ്ടെത്തി. ദക്ഷിണേഷ്യന് രാജ്യങ്ങള്ക്കിടയില് വാണിജ്യകുത്തക മാത്രമായിരുന്നില്ല ഇതുവഴി ആരംഭിച്ചത്. മറിച്ച് പ്രാദേശിക സ്ത്രീകളുമായുള്ള ഔദ്യോഗിക വിവാഹങ്ങളും (പൊളിറ്റിക്ക ഡോസ് കസമെന്റോസ്), അതുവഴി ഒരു സങ്കരസമൂഹത്തിന്റെ രൂപപ്പെടലുമായിരുന്നു. ഇപ്രകാരം യൂറോപ്യന് പുരുഷന്മാര് തദ്ദേശീയ വിവാഹം കഴിക്കുന്നതിലൂടെ രൂപംകൊണ്ട സങ്കരസമൂഹത്തെ ആദ്യകാലങ്ങളില് യൂറേഷ്യന്സ് എന്നും പിന്നീട് ആംഗ്ലോ ഇന്ത്യന് എന്നും അറിയപ്പെടുന്നു.

ഇന്ത്യന് ഭരണഘടന ഈ ന്യൂനപക്ഷ സമൂഹത്തിന് നല്കുന്ന നിര്വചനം ഇപ്രകാരമാണ്;

*"An Anglo Indian means a person whose father or any of whose other male progenitors in the male line is or was of European desent but who is domiciled within the territory of parents habitually resident therein and not established there for temporary purpose only."*

ഈ നിര്വചനപ്രകാരം സൂക്ഷ്മ-ഭാഷാന്യൂനപക്ഷ വിഭാഗം ആണ് ആംഗ്ലോ-ഇന്ത്യന് സമൂഹം. ഭരണഘടന 366(2) അനുച്ഛേദപ്രകാരം പ്രത്യേകസംവരണം ഏര്പ്പെടുത്തിയിരുന്ന ഒരേയൊരു വംശീയ സമൂഹം ആയിരുന്നു ആംഗ്ലോ ഇന്ത്യന് വിഭാഗക്കാര്. സാമൂഹികവും ശാരീരികവുമായ പ്രത്യേകതകളാല് ആംഗ്ലോ- ഇന്ത്യന്സ് ഒരു പ്രത്യേക വംശീയ വിഭാഗമായി പരിഗണിക്കപ്പെടുന്നു. കേവലം ജനസംഖ്യയെ അടിസ്ഥാനമാക്കി ആയിരുന്നില്ല ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന് ഭരണഘടന പ്രകാരം പ്രാതിനിധ്യം അനുവദിച്ചത്. മറിച്ച്, പ്രസ്തുത സമുദായം ഒരു സംസ്ഥാനത്തിന്റെയും സ്വദേശിയല്ല എന്നതും അവരുടെ പിതൃസ്ഥാനീയര് യൂറോപ്യന് വംശജരായിരുന്നിട്ടും തദ്ദേശീയ മാതാവിന്റെ രാജ്യത്തോട് അവര് പ്രകടിപ്പിക്കുന്ന വംശീയ ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ് എന്നതുമാണ്.

ഇന്ത്യയിലെ ആംഗ്ലോ ഇന്ത്യന് സമ്മിശ്ര രക്ഷാകര്ത്തൃത്വമുള്ളവരും ആധുനിക ഇന്ത്യയില് ഭാഷ, മതം, വംശം എന്നിവയുടെ സവിശേഷമായ സംയോജനത്താല് ന്യൂനപക്ഷവിഭാഗവുമാണ് എന്നതാണ് ഭരണഘടനാരൂപീകരണ വേളയില് പ്രത്യേക പദവികള് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചര്ച്ചയില് വന്ന സൂചിതങ്ങള്. ഈ സമുദായത്തിന്റെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ഭരണഘടനയുടെ ആര്ട്ടിക്കിള് 29(1), ആര്ട്ടിക്കിള് 30(1) എന്നിവ ഉയര്ത്തുന്ന ഘടകങ്ങള് ഇപ്രകാരമാണ്;

“ഇന്ത്യയിലെ ഏതെങ്കിലും ഒരു പ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ തനതായ ഭാഷയോ ലിപിയോ സംസ്കാരമോ ഉള്ള ഏതെങ്കിലും സമൂഹം താമസിക്കുന്നുണ്ട് എങ്കില് അവര്ക്ക് അത് സംരക്ഷിക്കാനുള്ള അവകാശമുണ്ട്.”

ഇന്ത്യന് ഭരണഘടന രൂപീകരണ വേളയില് ആര്ട്ടിക്കിള് 331 പ്രകാരം അന്നവരെയുള്ള സെന്സസ് ദത്തങ്ങളുടെ അടിസ്ഥാനത്തില് പ്രത്യേക സംവരണം ഏര്പ്പെടുത്തിയ വിഭാഗമാണ് ആംഗ്ലോഇന്ത്യന് ജനത. സായുധസേന ഉള്പ്പെടെയുള്ള മേഖലകളില് ആംഗ്ലോ ഇന്ത്യന് ജനത നല്കിയ സേവനങ്ങളുടെ കൂടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പ്രത്യേക പദവി അനുവദിച്ച് നല്കിയിരിക്കുന്നത്. 1970 വരെ അനുവദിച്ചിരുന്ന ഈ സംവരണ ആനുകൂല്യം 23ആം ഭേദഗതിയിലൂടെ 1980 വരെയും 45- ആം ഭേദഗതിയിലൂടെ 1990 വരെയും 62 ആം ഭേദഗതിയിലൂടെ 2006 വരെയും 79 ആം ഭേദഗതിയിലൂടെ 2010 വരെയും 95 ആം ഭേദഗതിയിലൂടെ 2020 വരെയും നീട്ടിയിരുന്നു.

ഇന്ത്യയില് ഡല്ഹി, കല്ക്കട്ട, ബോംബെ, മദ്രാസ്, ഗോവ, പോണ്ടിച്ചേരി, ഷിംല, ഡാര്ജിലിംഗ്, ബാംഗ്ലൂര്, കേരളത്തിലെ കണ്ണൂര്, കൊച്ചി, കൊല്ലം തുടങ്ങിയ പ്രദേശങ്ങള് ആംഗ്ലോ ഇന്ത്യന് ആവാസ കേന്ദ്രങ്ങളാണ്. സാംസ്കാരിക തനിമ, പോര്ക്കിനും വിന്താലുവിനും പ്രാധാന്യം നല്കിയുള്ള പാചകശീലങ്ങള്, മക്കാവു പാത്രങ്ങള്, നീളന് വരാന്തയോട് കൂടിയ വീട് നിര്മ്മാണ രീതി, കബായയും മുണ്ടും ഫ്രോക്കും വെന്തീഞ്ഞയും ചേര്ന്ന വസ്ത്രധാരണം, വൈന്, പാര്ട്ടി, പള്ളികളുമായുള്ള ബന്ധം, സങ്കരഭാഷ, സങ്കര ഭാഷ ഗാനങ്ങള്, വര്ണ്ണം, വൈവാഹികാചാരങ്ങള് എന്നിവ ഇവരെ

വ്യതിരിക്തരായി നിര്ത്തുന്നു. ഈ പ്രത്യേകതകള് എല്ലാം ഉള്ള ന്യൂനപക്ഷവിഭാഗം എന്ന നിലയില് പ്രത്യേകമായ പഠനവും നിരന്തരമായ നിരീക്ഷണവും ശ്രദ്ധയും ഈ സമൂഹം അര്ഹിക്കുന്നുണ്ട്. സെന്സസ് കണക്കുകളിലെ ഈ സമൂഹത്തിന്റെ ദൃശ്യത പ്രസ്തുത സമൂഹത്തിന്റെ സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ ദൃശ്യപരത കൂടിയാണ്.

**ആംഗ്ലോ ഇന്ത്യന് വിഭാഗം - സെന്സസ് വിവരങ്ങള്**

1881 മുതല് സൂക്ഷ്മന്യൂനപക്ഷമായിരുന്ന ആംഗ്ലോ ഇന്ത്യന് വിഭാഗത്തെ പ്രത്യേകമായി തന്നെ സെന്സസ് ദത്താശേഖരണത്തില് ഉള്പ്പെടുത്തിയിരുന്നു. എന്നാല് പ്രസ്തുത റിപ്പോര്ട്ടുകളുടെ കൃത്യതയില്ലായ്മയും അപൂര്ണ്ണതയും അന്ന് മുതല് തന്നെ ചര്ച്ചയായിരുന്നു. വിവിധ ആംഗ്ലോ ഇന്ത്യന് സംഘടനകളും സര്ക്കാര് പ്രതിനിധികളും ഇത് സംബന്ധിച്ച് തിരു-കൊച്ചി ഗവണ്മെന്റുകളുടെ ശ്രദ്ധയില്പ്പെടുത്തിയിട്ടുണ്ട്. പോര്ട്ടുഗീസ്, ഡച്ച്, ഇംഗ്ലീഷ്, മറ്റ് യൂറോപ്യന് ഭാഷകള് മാതൃഭാഷയായി രേഖപ്പെടുത്തിയിരുന്ന കമ്മ്യൂണിറ്റി അംഗങ്ങളെ മാത്രമേ സെന്സസ് ഡാറ്റയില് ആംഗ്ലോ ഇന്ത്യന് വിഭാഗമായി ഉള്പ്പെടുത്തിയിരുന്നുള്ളു. ഇവരില് ഈ ഭാഷകള് സംസാരിച്ചിരുന്ന കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരെ സെന്സസ് കണക്കെടുപ്പില് തെറ്റായി ഉള്പ്പെടുത്തുകയും ലത്തീന് ആരാധനാക്രമം സ്വീകരിച്ചിരുന്ന ആംഗ്ലോ ഇന്ത്യന് വിഭാഗത്തെ ലത്തീന് കത്തോലിക്കരെന്ന ഗണത്തില് ഉള്പ്പെടുത്തുകയും ചെയ്തിരുന്നു.1941 വരെയുള്ള സെന്സസ് കണക്കുകളില് ഭീകരമായ തോതില് ഈ വ്യത്യാസം കാണാവുന്നതാണ്.

1941ലെ ആധികാരിക സെന്സസ് ദത്തങ്ങള് പ്രകാരം 1,40,422 അംഗങ്ങള് മാത്രമാണ് ആംഗ്ലോ ഇന്ത്യന് സമൂഹത്തില് ഉള്ളത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്ത്. 1931ല് ഉണ്ടായിരുന്ന 2,00000 എന്ന അംഗസംഖ്യയെ 40ശതമാനത്തോളം കുറച്ചു കാണിക്കുക വഴി ഈ വിഭാഗത്തിന് ലഭിക്കേണ്ട അവകാശങ്ങള് റദ്ദ് ചെയ്യപ്പെടുകയാണ് ചെയ്തത്. പഞ്ചാബില് മാത്രം അസോസിയേഷന് രേഖകളില് 6000 അംഗസംഖ്യ രേഖപ്പെടുത്തിയവരില് കേവലം 503 പേരേ മാത്രമേ 191ലെ സെന്സസില് കണക്കുകൂട്ടപ്പെട്ടുള്ളു. 1941ലെ സെന്സസ് പ്രകാരം ഏറ്റവുമധികം അംഗങ്ങള് ഉള്ളത് പശ്ചിമബംഗാള് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 29000 അംഗങ്ങള് മാത്രമാണത്. മദ്രാസില് 18000, ബോംബെ 14000 ഉത്തര്പ്രദേശില് 13000 ബീഹാറില് 5000 എന്നിങ്ങനെ രേഖകള് നീളുന്നു. 1931നു ശേഷം പത്തുവര്ഷം കഴിഞ്ഞു നടക്കുന്ന സെന്സസില് മാത്രം സമുദായത്തിന്റെ അംഗസംഖ്യ ഇപ്രകാരം പകുതിയോളം കുറച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഫ്രാങ്ക് അന്തോണി സ്ഥാപിക്കുന്നുണ്ട്.

സ്വാതന്ത്ര്യാനന്തരം ലോക്സഭയിലേക്ക് ന്യൂനപക്ഷവിഭാഗം എന്ന നിലയില് പ്രതിനിധികളുണ്ടായിരുന്ന ഒരേയൊരു സമൂഹം ആയിരുന്നു ആംഗ്ലോ ഇന്ത്യന് വിഭാഗം. അന്നത്തെ അസോസിയേഷന് പ്രസിഡന്റായിരുന്ന ഫ്രാങ്ക്

അന്തോണിയായിരുന്നു ഇത്തരത്തില് ലോക്സഭയിലേക്ക് നാമനിര്ദ്ദേശം ചെയ്യപ്പെട്ട ആദ്യ പ്രതിനിധി. സമുദായത്തിന് പ്രത്യേകമായൊരു ദേശം അവകാശപ്പെടാന് ഇല്ലാത്തതുകൊണ്ടും ആന്ധ്രാപ്രദേശ്, ബീഹാര്, ഛത്തീസ്ഗഢ്, ഗുജറാത്ത്, ജാര്ഖഢ്, മദ്ധ്യപ്രദേശ്, കേരളം, മഹാരാഷ്ട്ര, തെലങ്കാന, തമിഴ്നാട്, ഉത്തര്പ്രദേശ്, ഉത്തരാഖഢ്, പശ്ചിമബംഗാള് തുടങ്ങി പതിനാല് സംസ്ഥാനങ്ങളിലായി സമുദായാംഗങ്ങള് വ്യാപിച്ചുകിടക്കുന്നു എന്നതുകൊണ്ടുമാണ് ഇത്തരത്തില് പ്രത്യേകമായൊരു പദവി ഈ വംശീയവിഭാഗത്തിന് മാത്രം അനുവദനീയമായത്. സ്വാതന്ത്ര്യത്തിനു മുമ്പുവരെ ഉണ്ടായിരുന്ന സെന്ട്രല് ലെജിസ്ലേറ്റീവ് അസംബ്ലിയില് സ്പെഷ്യല് ഇന്ററസ്റ്റ് പ്രാതിനിധ്യ തുടര്ച്ച തന്നെയായിരുന്നു ഇത്. ഇതിന്പ്രകാരം റയില്വേ, പോസ്റ്റ് ഓഫീസ്, ടെലഗ്രാഫ് തുടങ്ങി കേന്ദ്ര സര്ക്കാര് ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആംഗ്ലോ ഇന്ത്യന് സമുദായത്തിന് സംവരണം ഏര്പ്പെടുത്തുകയുണ്ടായി.

1941ലെ കേരളത്തിലെ മാത്രം ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന്റെ ജനസംഖ്യ കണക്ക് താഴെ കൊടുക്കുന്നു;

| **വര്ഷം** | **കൊച്ചി** | **തിരുവിതാംകൂര്** |
|---|---|---|
| 1881 | 346 | ----- |
| 1891 | 270 | 2072 |
| 1901 | 4033 | 1489 |
| 1911 | 2466 | 1750 |
| 1921 | 2182 | 3821 |
| 1931 | 1717 | 790 |
| 1941 | 9858 | 1256 |

1951 ലെ തിരു-കൊച്ചി കാനേഷുമാരി കണക്കെടുപ്പില് ആംഗ്ലോ ഇന്ത്യന് ജനസംഖ്യ 11,990 ആയിരുന്നു. മലബാറില് 3010ഉം. 1956 ലെ ആംഗ്ലോ ഇന്ത്യന് ജനസംഖ്യയിലും അനുബന്ധ ദത്തങ്ങളിലും വന്നിരിക്കുന്ന മാറ്റത്തെ സംബന്ധിച്ച് അന്നത്തെ തിരു-കൊച്ചി നിയമസഭാംഗവും ആംഗ്ലോ ഇന്ത്യന് പ്രതിനിധിയുമായിരുന്ന എ.ഡി ലൂയിസ് 1951ഌ കണക്കുകള് ശരിയാണെന്ന് അംഗീകരിക്കാന് നിര്വ്വാഹമില്ല. തിരുവിതാംകൂറിലെ ആംഗ്ലോ ഇന്ത്യക്കാരില് വലിയൊരു വിഭാഗത്തെ ലത്തീന് കത്തോലിക്കരുടെ കൂട്ടത്തില് തെറ്റായി ഉള്പ്പെടുത്തിയിരിക്കുകയാണ്. ആംഗ്ലോ ഇന്ത്യക്കാര് ലത്തീന് കത്തോലിക്ക സഭക്കാരാണെങ്കിലും അവര് ഒരു പ്രത്യേക ന്യൂനപക്ഷ സമുദായമാണ്. അതുകൊണ്ട് 1951ല് ആംഗ്ലോ ഇന്ത്യക്കാരുടെ ശരിയായ ജനസംഖ്യ 25,000 ആണ്.[3] അഭിപ്രായപ്പെട്ടിരിക്കുന്നു. 1956 ല് മലബാര് തിരുകൊച്ചിയോട് ചേര്ന്നതിന്റെ ഭാഗമായി 1961 മുതലുള്ള സെന്സസുകളില് കേരളാടിസ്ഥാനത്തിലുള്ള കണക്കുകളാണ് കാണാന് കഴിയുക.

ആംഗ്ലോ ഇന്ത്യന് വിഭാഗത്തെ ന്യൂനപക്ഷ വിഭാഗമായി അംഗീകരിച്ച് പ്രസ്തുത സമൂഹത്തിന്റെ ഉന്നമനത്തിനായി ലോക്സഭയില് രണ്ടും 13 നിയമസഭകളില് ഒന്നും എന്ന നിലയില് പ്രാതിനിധ്യം അനുവദിച്ചിരുന്നു. എന്നാല് 1951 മുതലുള്ള തുടര്ച്ചയായ അഞ്ച് സെന്സസുകളില് തൊഴില്/ വ്യാവസായിക ഘടന, ആംഗ്ലോ ഇന്ത്യന് അടക്കമുള്ള വിവിധ മതവിഭാഗങ്ങളുടെ സാക്ഷരത നിരക്ക് എന്നിവയെ സംബന്ധിച്ച് ഒരു വിവരവും പ്രസിദ്ധീകരിച്ചിട്ടില്ല. സെന്സസ് ദത്തങ്ങളില് മതം ഉള്പ്പടെയുള്ള സെന്സിറ്റീവ് ദത്തങ്ങളുടെ പ്രസിദ്ധീകരണത്തില് വരുന്ന കാലതാമസവും എടുത്തു പറയേണ്ടതാണ്. 1971ലെ സെന്സസ് വിവരങ്ങള് 1972ലും 1981ലെ സെന്സസ് വിവരങ്ങള് 1984ലും 1991ലെ സെന്സസ് വിവരങ്ങള് 1996ലും ആണ് പ്രസിദ്ധപ്പെടുത്തിയത്.

ഇപ്രകാരം സെന്സസ് ദത്തങ്ങളുടെ ശേഖരണത്തിലും പ്രസിദ്ധീകരണത്തിലും തുടക്കം മുതലേയുള്ള സമുദായാംഗങ്ങളുടെ ജനസംഖ്യ കണക്കെടുപ്പിലും മറ്റ് ദത്തങ്ങളുടെ ശേഖരണത്തിലും പാളിച്ചകള് സംഭവിച്ചിട്ടുണ്ട്.

**സെന്സസ് നടപ്പാക്കാത്ത 14 വര്ഷങ്ങള് - പ്രത്യാഘാതങ്ങള്**

ഇന്ത്യയെപ്പോലുള്ള വികസ്വര ബഹുസ്വര രാജ്യത്ത് ഭൂരിപക്ഷ ജനസംഖ്യയുടെ ഉപഗ്രൂപ്പുകളുമായി താരതമ്യപ്പെടുത്തുമ്പോള് സെന്സസ് വിശദാംശങ്ങളില് മതപരവും വംശീയപരവുമായ ന്യൂനപക്ഷങ്ങള്ക്ക് ശ്രദ്ധ നല്കണേ്ടിയിരുന്നു. വിവിധ മത വംശീയ വിഭാഗങ്ങളെ കുറിച്ചുള്ള വിശദമായ ജനസംഖ്യ, ശാസ്ത്ര- സാമൂഹിക - സാമ്പത്തിക കണക്കെടുപ്പ് എന്നിവ പ്രസ്തുത വിഭാഗത്തെ സംബന്ധിച്ചുള്ള സാമൂഹിക - സാമ്പത്തിക ആസൂത്രണത്തിനുതകുന്നതാണ് എന്ന് എല്ലാവര്ക്കും അറിയാം. എന്നാല് 2011ന് ശേഷം പലവിധ കാരണങ്ങളാല് രാജ്യത്ത് അടിയന്തിരമായി നടപ്പിലാക്കണേ്ടിയിരുന്ന സെന്സസ് നടപ്പാക്കാത്ത അവസ്ഥയാണ് ഉള്ളത്.

2011 ന് ശേഷം സെന്സസ് നടപ്പാക്കണേ്ടിയിരുന്നത് 2021ല് ആയിരുന്നു. എന്നാല് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തില് മാനവവിഭവശേഷിയുടെ ലഭ്യതയിലുണ്ടായ വലിയ പ്രതിസന്ധിയും സാമ്പത്തിക പ്രശ്നങ്ങളും സാങ്കതേിക പ്രശ്നങ്ങളും കാരണം കഴിഞ്ഞ പതിനാല് വര്ഷമായി കാനഷേുകുമാരി കണക്കെടുപ്പ് അനാദിയായി നീളുകയാണ്. മാറിവന്ന സര്ക്കാര് അജണ്ടകളും ഇതിലേക്ക് നയിച്ചിട്ടുണ്ട് എന്ന് വണേം മനസിലാക്കാന്.

**പ്രത്യാഘാതങ്ങള്**

1. **ആംഗ്ലോ ഇന്ത്യന് സംവരണം നിര്ത്തലാക്കുന്നു.**

ആംഗ്ലോ ഇന്ത്യന് വിഭാഗത്തിനും പട്ടികജാതി പട്ടികവര്ഗ്ഗ വിഭാഗങ്ങള്ക്കുമുള്ള സംവരണം 2020 ജനുവരി 25ന് അവസാനിക്കുമായിരുന്നു. ഇതിനെ സംബന്ധിച്ച് പഠിക്കുവാന് കന്േദ്രപ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തര മന്ത്രി അമിത് ഷാ, സാമൂഹ്യനീതി മന്ത്രി തവര് ചന്ദ് ഗഹെലോട്ട് എന്നിവരുടെ നതേൃത്വത്തില് ഒരു സമിതിക്ക് രൂപം നല്കിയിരുന്നു. എന്നാല് ഈ സമിതിയുടെ റിപ്പോര്ട്ടിന്റെ അടിസ്ഥാനത്തില് ആംഗ്ലോ ഇന്ത്യന്

വിഭാഗത്തിന് ലോക്സഭയില് അടക്കം പ്രത്യേക സംവരണങ്ങള് നല്കേണ്ടതില്ല എന്ന തീരുമാനത്തിലാണ് കേന്ദ്രസര്ക്കാര് എത്തിയത്. ഇതിനവര് ആധാരമാക്കിയത് 2011 ലെ സെന്സസ് വിവരങ്ങള് ആയിരുന്നു. 2011 ലെ സെന്സസ് ദത്തങ്ങള് പ്രകാരം രാജ്യത്തെ ആകെ ആംഗ്ലോ ഇന്ത്യന് സമുദായ അംഗങ്ങളുടെ എണ്ണം 296 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിവിധ ഇടങ്ങളിലെ ആംഗ്ലോ ഇന്ത്യന് അസോസിയേഷനുകളിലും പള്ളികളിലും ആംഗ്ലോ ഇന്ത്യന് അസോസിയേഷന് ഓഫ് ഇന്ത്യയുടെ ഔദ്യോഗിക കണക്കെടുപ്പിലും രാജ്യത്താകമാനം 3,50000 നും 400000നുമിടയ്ക്ക് അംഗങ്ങള് ഉള്ളപ്പോഴാണ് സെന്സസ് ദത്തങ്ങളില് ഇപ്രകാരം വലിയ അന്തരം രേഖപ്പെടുത്തിയത്. ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന്റെ വിദ്യാഭ്യാസ-തൊഴില് - ജീവിത സാഹചര്യങ്ങള് മെച്ചപ്പെട്ടു എന്ന് കേവലം 296 അംഗങ്ങളുടെ കണക്കെടുപ്പ് മാത്രം പരിഗണിച്ച് കൊണ്ടാണ് ഇപ്രകാരം സംവരണാനുകൂല്യങ്ങള് റദ്ദാക്കിയത്. 2021ല് ഈ പാകപിഴ ഒഴിവാക്കി കൃത്യമായ കണക്കെടുപ്പ് നടപ്പാക്കണം എന്നിരിക്കെ പലവിധ കാരണങ്ങളാല് പ്രസ്തുത സെന്സസ് നടപ്പാക്കാതെ ഇരിക്കുകയും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തില് സൂക്ഷ്മന്യൂനപക്ഷ സമൂഹമായ ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന് അര്ഹമായ സംവരണം നിര്ത്തലാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന് ഇന്ത്യന് ഭരണഘടന പ്രകാരം അനുവദിച്ച് നല്കിയിരിക്കുന്ന സംവരണം കേവലം എണ്ണത്തിന്റെ അടിസ്ഥാനത്തില് അല്ല്, മറിച്ച് വംശീയതയുടെ അടിസ്ഥാനത്തിലാണ് എന്ന വസ്തുതകളുടെ നിഷേധം കൂടിയാണിത്.

## 2. വിദ്യാഭ്യാസ സംവരണ നിഷേധം

കേന്ദ്ര സര്ക്കാരിന്റെയും സംസ്ഥാന സര്ക്കാരിന്റെയും ഒബിസി പട്ടികയില് ഉള്പ്പെട്ടിട്ടുണ്ട് എങ്കിലും കഴിഞ്ഞ 18 വര്ഷമായി ആംഗ്ലോ ഇന്ത്യന് വിദ്യാര്ത്ഥികള്ക്ക് യൂണിവേഴ്സിറ്റികളില് വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ല. 2014ല് സ്കൂള് - ഹയര് സെക്കന്ഡറി - പ്രൊഫഷണല് വിദ്യാഭ്യാസ തലങ്ങളില് ആംഗ്ലോ ഇന്ത്യന് വിഭാഗത്തെ ലത്തീന് കത്തോലിക്കരുമായി ചേര്ത്ത് സംസ്ഥാന പിന്നാക്ക വികസന വിഭാഗം ലത്തീന് കത്തോലിക്ക സംവരണം 2 ശതമാനത്തില് നിന്നും മൂന്ന് ശതമാനമായി ഉയര്ത്തിയിരുന്നു. എന്നാല് ഇവിടെ സംവരണം ലത്തീന് കത്തോലിക്കര്ക്ക് മാത്രമായി നല്കപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

ആര്ട്സ് ആന്ഡ് സയന്സ് വിഭാഗങ്ങളിലായി ഡിഗ്രി, പിജി പ്രവേശനത്തിലും ആംഗ്ലോ ഇന്ത്യര് ഒഴികെയുള്ള ലത്തീന് കത്തോലിക്ക സമുദായത്തിനാണ് സംവരണം ലഭിക്കുന്നത്.

എന്ട്രന്സ് പരീക്ഷകള്ക്കും പ്രൊഫഷണല് പി ജി കോഴ്സുകളുടെ അഡ്മിഷനും സംവരണം നടപ്പാക്കുന്നതും ആംഗ്ലോ ഇന്ത്യര് ഒഴികെയുള്ള ലത്തീന് കത്തോലിക്ക സമൂഹത്തിനാണ്. സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങള്ക്ക് ഉള്പ്പെടെ ഇഡബ്ല്യു എസ് സംവരണം നിലനില്ക്കുമ്പോഴാണ് സൂക്ഷ്മന്യൂനപക്ഷ വിഭാഗമായ ആംഗ്ലോ ഇന്ത്യന് വംശജരുടെ വിദ്യാഭ്യാസ

അവകാശം ചോദ്യംചെയ്യപ്പെടുന്നത്. ഒരു ഭരണഘടനാ സംവർഗം എന്ന നിലയില് പ്രത്യേക പരിഗണനയും പരിരക്ഷയും ആവശ്യമില്ലാത്തവരാണ് ആംഗ്ലോ ഇന്ത്യന് ജനത എന്നാണ് വിദ്യാഭ്യാസ സംവരണങ്ങള് ഒഴിവാക്കുന്നതിന് കാരണമായി പറയുന്നത്.

**3. തൊഴില് സംവരണം**

ലത്തീന് കത്തോലിക്കാ വിഭാഗത്തിനോടൊപ്പം ചേര്ത്താണ് നിലവില് ആംഗ്ലോ ഇന്ത്യന് വിഭാഗത്തിന് തൊഴില് സംവരണം ഏര്പ്പെടുത്തിയിരിക്കുന്നത്. ഇത് ആകെ 4 ശതമാനം മാത്രമാണ്. സംവരണം എന്ന പ്രക്രിയയുടെ യഥാര്ത്ഥ ഉദ്ദേശശുദ്ധി നടപ്പിലാകണം എന്നുണ്ടെങ്കില് ഓരോ സമുദായത്തിന്റെയും വംശീയ വിഭാഗത്തിന്റെയും പിന്നാക്കാവസ്ഥയും ജനസംഖ്യയും കണക്കിലെടുക്കേണ്ടതാണ്.

**4. അസ്തിത്വപ്രശ്നങ്ങള്**

ദേശീയതലത്തില് മൂന്ന്ലക്ഷത്തി അന്പതിനായിരത്തിനും നാല് ലക്ഷത്തിനുമിടയില് ആംഗ്ലോ ഇന്ത്യന് സമുദായ അംഗങ്ങളും കേരളത്തില് മാത്രം ഒരു ലക്ഷത്തോളം സമുദായ അംഗങ്ങളും ഉണ്ട്. ഇംഗ്ലീഷ് മാതൃഭാഷയും വിദേശ ഐഡന്റിറ്റി രേഖകളും ഉപേക്ഷിച്ച് പൂര്ണ്ണമായും ഇന്ത്യക്കാരായി കഴിയുന്ന വിഭാഗമാണിത്. മിക്കവാറും തന്നെ ഇന്ത്യക്കാരായ ആംഗ്ലോ ഇന്ത്യന് വിഭാഗക്കാരയോ, ലത്തീന് കത്തോലിക്കരെയോ ആണ് ഇക്കൂട്ടര് വിവാഹം ചെയ്യുന്നത്. എന്നാല് 1941ന് ശേഷം തുടര്ച്ചയായി നടന്നിട്ടുള്ള സെന്സസുകളില് ഈ വിഭാഗത്തിന്റെ യഥാര്ത്ഥ പ്രാതിനിധ്യമോ വിദ്യാഭ്യാസ-തൊഴില് - ജീവിത സാഹചര്യങ്ങളോ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ തങ്ങള്ക്കുണ്ടായിരുന്ന എല്ലാവിധ പരിഗണനകളും അവകാശങ്ങളും നഷ്ടപ്പെട്ട അവസ്ഥയിലാണ് സമുദായം മുമ്പോട്ട് പോകുന്നത്. അതുകൊണ്ടുതന്നെ വലിയ അസ്തിത്വ പ്രശ്നങ്ങള് ഇവിടെ ഉയരുന്നുണ്ട്. ഭാഷ, വസ്ത്രധാരണം, വിവാഹം തുടങ്ങി എല്ലാ മേഖലകളിലും ഈ അസ്തിത്വ പ്രശ്നങ്ങള് ദൃശ്യമാകുന്നുണ്ട്.

**ആംഗ്ലോ ഇന്ത്യന് വിഭാഗം ഉള്പ്പടെയുള്ള ന്യൂനപക്ഷ വിഭാഗക്കര്ക്കിടയില് സെന്സസ് നടപ്പാക്കേണ്ടതിന്റെ ആവശ്യകത**

ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യവും നിലനില്പും ഉറപ്പാക്കുക.

അവരുടെ ആവശ്യങ്ങള് രേഖപ്പെടുത്തുക.

വിദ്യാഭ്യാസ - തൊഴില് - സ്വത്വപരം- സാമ്പത്തികം - സാമൂഹികം - ആരോഗ്യപരം ഇത്യാദി അവകാശങ്ങള് സംരക്ഷിക്കുക.

ലിംഗാനുപാതം നിലനിറുത്തുക

വികസന പദ്ധതികള് ആവിഷ്കരിക്കുന്നതിനായുള്ള സൂക്ഷ്മ വിവരശേഖരണം നടത്തുക

**ഉപസംഹാരം**

ഇന്ത്യയിലെ ആംഗ്ലോ ഇന്ത്യന് സെന്സസ് ദത്തങ്ങളുടെ അപര്യാപ്തതയും കൃത്യതയില്ലായ്മയും ഈ പഠനത്തിലൂടെ അടയാളപ്പെടുത്തുന്നു. നിലവിലുള്ള സെന്സസ് ദത്തങ്ങളുടെ ജനസംഖ്യാപരമായ കണക്കെടുപ്പില് സംഭവിച്ചിട്ടുള്ള പോരായ്മകള്, സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ തൊഴില് മേഖലകളില് അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങള് എന്നിവയും പഠനത്തിന്റെ ഭാഗമായിട്ടുണ്ട്. ആംഗ്ലോ ഇന്ത്യന് സമൂഹത്തെ കൃത്യമായി പ്രതിനിധീകരിക്കുന്ന സമഗ്രമായ സെന്സസ് നടത്തിപ്പിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

**ഗ്രന്ഥസൂചി**

1. A Chatterji S. (nd.). Anglo Indians And Their Marginality. Retrieved from https://www.thecitizen.in/index.php/en/NewsDetail/index/9/18052/Anglo-Indians-And-Their-Marginality

2. Andrews, R. Reservations need to continue for Anglo Indians. (2019, December 17). Retrieved from https://www.thehindu.com/opinion/op-ed/reservations-need-to-continue-for-Anglo-Indians/Article30323462.ece

5

3. Blunt A. 'Land of our Mothers': Home, Identity, and Nationality for Anglo Indians in British India, 1919 – 1947. History Workshop Journal, 2002: 54(1):49-72.doi:10.1093/hwj/54.1.49

4. Cressey P, The Anglo Indians : A Disorganized Marginal Group. Social Forces, 1935:14(2):263-268

5. Naula,M. Anglo Indians Contributions can't be ignored. (2020, February 7). Retrieved from https://tehelka.com/Anglo-Indians-contributions-cant-be-ignored/

6. https://censusindia.gov.in/census.website/data/census-tables